# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി / JANUARY 08 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


### മകരജ്യോതി ദർശനം സുഗമമാക്കാൻ വിപുലമായ സൗകര്യം ഏർപ്പെടുത്തി

മകരജ്യോതിക്കായി സന്നിധാനത്ത് എത്തുന്ന തീർത്ഥാടകർക്ക് സുഗമ ദർശനം ഉറപ്പുവരുത്താൻ വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തി. അന്നദാനമണ്ഡപത്തിന്റെ മുകളിലും പാ ിത്താവളത്തിലും മാളികപ്പുറത്തിന് സമീപമുള്ള അരവണ കൗ റിന്റെ പരിസരത്തും മരാമത്ത് കോംപ്ലക്സിന്റെ മുൻവശത്തും ഉൾപ്പെടെ 9 കേന്ദ്രങ്ങളിൽ തീർത്ഥാടകർക്ക് വിശ്രമിക്കാൻ കൂടുതൽ സ്ഥലം ഒരുക്കിയിട്ടു ്. പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളും വർദ്ധിപ്പിച്ചിട്ടു ്. ദർശനത്തിനെത്തുന്നവർക്ക് ഇരുപത്തിനാല് മണിക്കൂറും ഭക്ഷണവും കുടിവെള്ളവും ലഭ്യമാക്കും. ദർശനത്തിനായി കാത്തുനിൽക്കുന്നവർക്ക് തിളപ്പിച്ചാറ്റിയ ഔഷധകുടിവെള്ളം,ചുക്ക് വെള്ളം,ഗ്ലൂക്കോസ്,ബിസ്ക്കറ്റ് എന്നിവയും നൽകുന്നു ്.ദേവസ്വം ബോർഡിന്റെയും അയ്യപ്പ സേവാ സംഘത്തിന്റെയും സന്നദ്ധപ്രവർത്തകരായ 400 പേരെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളത്. മകരജ്യോതി ദർശനത്തിനായി കാത്തിരിക്കുന്ന ഇടങ്ങളിലും വിശ്രമ കേന്ദ്രങ്ങളിലും കൂടുതലായി 50 കുടിവെള്ള ടാപ്പുകളുമു ാകും. ചുക്ക് വെള്ളവിതരണത്തിനായി 4 കൗ റുകളും അധികമായി ഒരുക്കും.

ജ്യോതി ദർശനത്തിനായി തീർത്ഥാടകർ കാത്തിരിക്കുന്ന സ്ഥലങ്ങൾ ശുചീകരിക്കുന്ന പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. സന്നിധാനത്തെ എട്ട് വ്യൂ പോയിന്റുകളിലും ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കി വരികയാണെന്ന് ദേവസ്വം ബോർഡ് അംഗം അഡ്വ.എൻ. വിജയകുമാർ പറഞ്ഞു. പ്രധാന നിരീക്ഷണ കേന്ദ്രമായ പാ ിത്താവളത്ത് വനംവകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങളിലെ ശുചീകരണപ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ ദേവസ്വം മന്ത്രി നിർദ്ദേശം നൽകിയിട്ടു ്.തിരക്ക് നിയന്ത്രിക്കുന്നതിനും സുരക്ഷ ഒരുക്കുന്നതിനും താൽക്കാലിക ബാരിക്കേഡുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും പുരോഗമിക്കുന്നു. പാ ിത്താവളത്ത് ആരോഗ്യവകുപ്പ് അടിയന്തര ചികിൽസാ കേന്ദ്രവും അരംഭിച്ചിട്ടു ്. തീർത്ഥാടകർക്ക് അപ്പം,അരവണ പ്രസാദങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് 12 ലക്ഷം ടിൻ അരവണയും ഒന്നര ലക്ഷം പാക്കറ്റ് അപ്പവും കരുതിയിട്ടു ്. ആവശ്യകതയനുസരിച്ച് കൂടുതൽ തയ്യാറാക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടു ന്നും അദ്ദേഹം പറഞ്ഞു.

(പി.ആർ. ശബരി-419)

## എക്സൈസ് 14200 രൂപ പിഴ ഈടാക്കി

ശബരിമല സന്നിധാനം, പമ്പ, നിലക്കൽ എന്നിവിടങ്ങളിൽ എക്സൈസ് സ്ക്വാഡ് നടത്തിയ പരിശോധനകളിൽ 8 കിലോഗ്രാം പുകയില ഉൽപന്നങ്ങൾ പിടിച്ചു. പിഴയായി 14,200 രൂപയും ഈടാക്കി. എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന്റെ സഹകരണത്തോടെയാണ് നടപടി. തിങ്കളാഴ്ച്ച സന്നിധാനം, പമ്പ, നിലക്കൽ എന്നിവിടങ്ങളിൽ 10 റെയ്ഡുകളാണ് എക്സൈസ് നടത്തിയത്. റെയ്ഡിൽ 45 പാക്കറ്റ് സിഗരറ്റ്, 80 പാക്കറ്റ് ബീഡി എന്നിവയും ക ത്തി. പുകവലി നിരോധന നിയമ പ്രകാരം 71 കേസുകൾ രജിസ്റ്റർ ചെയ്തു. ഭക്തജനങ്ങൾ ലഹരി വസ്തുക്കളുമായി ബന്ധപ്പെ' വിവരങ്ങൾ 04735 203432, 205010,202203 എന്ന നമ്പറുകളിൽ അറിയിക്കണമെന്ന് എക്സൈസ് അധികൃതർ അറിയിച്ചു.

(പി.ആർ. ശബരി-420)

## ദേശീയപണിമുടക്ക്: കെ.എസ്.ആർ.ടി.സി സർവ്വീസ് മുടങ്ങിയില്ല

ദേശീയ പണിമുടക്കിന്റെ ആദ്യ ദിനമായ ഇന്നലെ (ജനുവരി 8) കെ.എസ്.ആർ.ടി.സിയുടെ ശബരിമല സർവീസുകൾ മുടക്കമില്ലാതെ നടന്നതായി അധികൃതർ അറിയിച്ചു. പമ്പ,നിലക്കൽ ചെയിൻ സർവ്വീസുകൾക്ക് പുറമേ ചെങ്ങന്നൂർ, കുമളി, കോട്ടയം, എറണാകുളം,തിരുനവന്തപുരം സർവ്വീസുകളും തടസമില്ലാതെ നടന്നു.അന്തർ സംസ്ഥാന സർവ്വീസുകളായ പളനി, തെങ്കാശി, കോയമ്പത്തൂർ, തേനി, മധുര എന്നിവിടങ്ങളിലേക്കും പമ്പയിൽ നിന്നും സർവ്വീസ് നടത്തി. പമ്പ, നിലയ്ക്കൽ റൂട്ടിൽ 1300 ഓളം സർവീസുക

ളാണ് ദിവസവും കെഎസ്ആർടിസി നടത്തുന്നത്. ആവശ്യമായ ജീവന ക്കാരെ പൂൾ ചെയ്തിരിക്കുന്നതിനാലാണ് പണിമുടക്ക് ദിവസത്തിലും സാധാരണ രീതിയിൽ സർവീസ് നടത്താൻ കെ.എസ്.ആർ.ടി.സിക്ക് സാധി ച്ചത്. മകരവിളക്കിനോടനുബന്ധിച്ചുള്ള ദിവസങ്ങളായതിനാൽ കൂടുതൽ തീർത്ഥാടകർ ദർശനത്തിനെത്തുന്ന സാഹചര്യത്തിൽ പണിമുടക്കിന്റെ ര ാം ദിവസമായ ഇന്നും കെ.എസ്.ആർ.ടി.സിയുടെ ശബരിമല സർവീസു കൾ മുടക്കമില്ലാതെ നടക്കും.

(പി.ആർ. ശബരി-421)

## പമ്പാ നദി മാലിന്യമുക്തമെന്ന് റിപ്പോർട്ട്

പമ്പാനദിയിൽ ഈ തീർത്ഥാടന കാലത്ത് ഒഴുകുന്നത് തെളിനീരെന്ന് മലി നീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ട്. തീർത്ഥാടനകാലത്തിന്റെ തുട ക്കം മുതൽ പമ്പാ നദിയിൽ നിന്ന് ശേഖരിച്ച സാമ്പിൾ പരിശോധനയുടെ ഫ ലം അവലോകനം ചെയ്താണ് ബോർഡ് ഇക്കാര്യം സ്ഥീകരിക്കുന്നത്. ഈ മാസം മൂന്നിന് നടത്തിയ പരിശോധനയിൽ കോളിഫോം ബാക്ടീരിയയുടെ തോത് 40 യൂണിറ്റ് മാത്രമാണ്. കഴിഞ്ഞ വർഷം ഇതേ ദിവസം ഇത് 65,000 യൂണിറ്റായിരുന്നു. നദീജലത്തിൽ അനുവദനീയമായ കോളിഫോം ബാക്ടീരി യയുടെ അളവ് 100 മില്ലിലിറ്ററിൽ 230യൂണിറ്റാണ്. ശബരിമലയിലെ ശൗചാല യങ്ങളിൽ നിന്നുള്ള മാലിന്യം സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളിലേക്ക് എത്തി ക്കുന്നതിനുള്ള പൈപ്പ്ലൈനുകൾ കുറ്റമറ്റ തരത്തിൽ സ്ഥാപിക്കാൻ മരാ മത്ത് വകുപ്പിന് കഴിഞ്ഞതിനാലാണ് കോളിഫോം ബാക്ടീരിയയുടെ തോത് ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ അളവിലെത്തിക്കാനായത്. തീർത്ഥാടകർ പ മ്പ മുതൽ സന്നിധാനം വരെ സജ്ജമാക്കിയിട്ടുള്ള ശൗചാലയങ്ങൾ പ്രയോജ നപ്പെടുത്തുന്നതും ഗുണകരമായി. പമ്പാ ത്രിവേണി പാർക്കിംഗ് ഏരിയകൾ ക്ക് സമീപം നദീതടത്തിൽ മലമൂത്ര വിസർജ്ജനം നടത്തുന്നത് ഒഴിവാക്കി യാൽ പമ്പാനദിയെ പൂർണമായും മാലിന്യമുക്തമാക്കി നിലനിർത്താൻ കഴി യുമെന്ന് അധികൃതർ പറഞ്ഞു.

(പി.ആർ. ശബരി-422)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

| ജനുവരി JANUARY 08 | 2019 |
| --- | --- |

## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

മാധ്യമപ്രവർത്തകരുടെ ശ്രദ്ധയ്ക്ക് താഴെക്കാണുന്ന വാർത്ത കാൻസൽ ചെയ്തതായി അറിയിക്കുന്നു

### പമ്പാ നദി മാലിന്യമുക്തമെന്ന് റിപ്പോർട്ട്

പമ്പാനദിയിൽ ഈ തീർത്ഥാടന കാലത്ത് ഒഴുകുന്നത് തെളിനീരെന്ന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ട്. തീർത്ഥാടനകാലത്തിന്റെ തുടക്കം മുതൽ പമ്പാ നദിയിൽ നിന്ന് ശേഖരിച്ച സാമ്പിൾ പരിശോധനയുടെ ഫലം അവലോകനം ചെയ്താണ് ബോർഡ് ഇക്കാര്യം സ്ഥീകരിക്കുന്നത്. ഈ മാസം മൂന്നിന് നടത്തിയ പരിശോധനയിൽ കോളിഫോം ബാക്ടീരിയയുടെ തോത് 40 യൂണിറ്റ് മാത്രമാണ്. കഴിഞ്ഞ വർഷം ഇതേ ദിവസം ഇത് 65,000 യൂണിറ്റായിരുന്നു. നദീജലത്തിൽ അനുവദനീയമായ കോളിഫോം ബാക്ടീരിയയുടെ അളവ് 100 മില്ലിലിറ്ററിൽ 230യൂണിറ്റാണ്. ശബരിമലയിലെ ശൗചാലയങ്ങളിൽ നിന്നുള്ള മാലിന്യം സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളിലേക്ക് എത്തിക്കുന്നതിനുള്ള പൈപ്പ്ലൈനുകൾ കുറ്റമറ്റ തരത്തിൽ സ്ഥാപിക്കാൻ മരാമത്ത് വകുപ്പിന് കഴിഞ്ഞതിനാലാണ് കോളിഫോം ബാക്ടീരിയയുടെ തോത് ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ അളവിലെത്തിക്കാനായത്. തീർത്ഥാടകർ പമ്പ മുതൽ സന്നിധാനം വരെ സജ്ജമാക്കിയിട്ടുള്ള ശൗചാലയങ്ങൾ പ്രയോജനപ്പെടുത്തുന്നതും ഗുണകരമായി. പമ്പാ ത്രിവേണി പാർക്കിംഗ് ഏരിയകൾ

ക്ക് സമീപം നദീതടത്തിൽ മലമൂത്ര വിസർജ്ജനം നടത്തുന്നത് ഒഴിവാക്കിയാൽ പമ്പാനദിയെ പൂർണമായും മാലിന്യമുക്തമാക്കി നിലനിർത്താൻ കഴിയുമെന്ന് അധികൃതർ പറഞ്ഞു.

(പി.ആർ. ശബരി-422)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.